പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1536 — 06-03-2017-ലെ മറുപടിയ്ക്ക്

## വരൾച്ച ബാധിതരായ കർഷകരെ സഹായിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ശശി | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കടുത്ത വരൾച്ചയും ജലദൗർലഭ്യവുമുള്ള സംസ്ഥാനത്ത് കഴിഞ്ഞ ഒക്ടോബർ (2016) മുതൽ നാളിതുവരെ എത്ര തുകയുടെ കൃഷി നഷ്ടമുണ്ടായി എന്നു സർക്കാർ വിലയിരുത്തിയോ എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) നിലവിൽ എത്ര ഹെക്ടർ ഭൂമിയിലുള്ള കൃഷിക്കാണ് വരൾച്ച നേരിട്ടതെന്നും പ്രധാന വിളകളായ നെൽകൃഷി, തെങ്ങ്, അടയ്ക്ക, വാഴ, കുരുമുളക്, പച്ചക്കറി, കാപ്പി, റബ്ബർ (വെട്ടുന്നതും അല്ലാത്തതും) നെല്ല് ഇവ ഓരോന്നിലും കർഷകരെ എത്തരത്തിൽ ബാധിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ; | (എ) & (ബി) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം 31358 കർഷകരുടെ 30353 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും ചുരുങ്ങിയത് 300 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവരം. അന്തിമ കണക്കെടുപ്പ് കഴിയുമ്പോൾ മാത്രമേ ഓരോ വിളകൾക്കും സംഭവിച്ച യഥാർത്ഥ നഷ്ടം കണക്കാക്കാനാവൂ. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത വരൾച്ച നേരിടാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് എത്ര തുകയുടെ സഹായം ആവശ്യപ്പെട്ടു എന്നും കേന്ദ്ര സർക്കാർ എത്ര തുക നല്കി എന്നും, ഇത് പര്യാപ്തമല്ല എങ്കിൽ സർക്കാർ എന്തു നടപടികൾ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ; | (സി) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-02-2017-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. വരൾച്ച ദുരിതാശ്വാസം സംബന്ധിച്ച് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി സർവ്വകക്ഷി സംഘം കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് നിവേദനം സമർപ്പിക്കുന്നതാണ്. |

**(ഡി)** ഇത്തരുണത്തിൽ സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

**(ഡി)** വരൾച്ച മൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തു വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു.

വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റി വഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ് ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## PRELIMINARY REPORT ON CROP WISE DAMAGE DUE TO *DROUGHT* 2017 Report as on 20.2.2017

| Sl. No. | CROP | AREA(ha) / No | | ESTIMATED LOSS (Rs) | ASSISTANCE PROPOSED (Rs) |
|---|---|---|---|---|---|
| 1 | PADDY ( nursery) | 36.40 | | 728000 | 0 |
| 2 | PADDY (mainfield) | 26499.42 | | 1059976940 | 264994235 |
| 3 | COCONUT(B) | 960.72 | 168126 | 336252000 | 117688200 |
| 4 | COCONUT-NB | 115.91 | 20284 | 20284000 | 7099400 |
| 5 | COCONUT SEEDLINGS | 0.00 | 0 | 0 | 0 |
| 6 | BANANA-B | 1174.15 | 2935363 | 645779860 | 293536300 |
| 7 | BANANA-NB | 47.20 | 117997 | 11799700 | 8849775 |
| 8 | VEGETABLE | 882.68 | | 22067000 | 4413400 |
| 9 | ARECANUT-B | 91.84 | 101024 | 60614400 | 15153600 |
| 10 | ARECANUT-NB | 8.05 | 8850 | 3540000 | 885000 |
| 11 | PEPPER-B | 310.62 | 341683 | 68336600 | 25626225 |
| 12 | COFFEE | 16.21 | 16210 | 3242000 | 1621000 |
| 13 | RUBBER-T | 40.35 | 20175 | 15131250 | 6052500 |
| 14 | RUBBER-NT | 1.41 | 706 | 282400 | 141200 |
| 15 | CASHEW-B | 1.43 | 250 | 150000 | 37500 |
| 16 | CASHEW-NB | 0.00 | 0 | 0 | 0 |
| 17 | TUBER CROPS | 20.00 | | 900000 | 75000 |
| 18 | BETELVINE | 11.56 | | 1387200 | 867000 |
| 19 | TAPIOCA | 77.00 | | 1540000 | 115500 |
| 20 | GINGER | 25.00 | | 1250000 | 93750 |
| 21 | NUTMEG-B | 5.93 | 948 | 805800 | 379200 |
| 22 | NUTMEG-NB | 0.00 | 0 | 0 | 0 |
| 23 | CLOVE-B | 0.01 | 2 | 1600 | 400 |
| 24 | CLOVE-NB | 0.00 | 0 | 0 | 0 |
| 25 | CARDAMOM | 16.00 | | 480000 | 40000 |
| 26 | COCOA | 0.38 | 376 | 75200 | 37600 |
| 27 | TURMERIC | 0.80 | | 32000 | 2400 |
| 28 | GROUNDNUT | 0.00 | | 0 | 0 |
| 29 | SESAMUM | 0.00 | | 0 | 0 |
| 30 | SUGARCANE | 10.00 | | 120000 | 25000 |
| 31 | PINEAPPLE | 0.00 | | 0 | 0 |
| 32 | PULSES | 9.00 | | 63000 | 9000 |
| | TOTAL | 30353.06 | 3731994 | 2254775950 | 747734185 |

B- Bearing

NB- Non Bearing

T-Tapping

NT- Non Tapping

സെക്ഷൻ ഓഫീസർ